**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2095** **06.10.2016 -ൽ മറുപടിക്ക്**

**ദേശീയപാത**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.സണ്ണി ജോസഫ്**<br>**,, വി.ടി.ബൽറാം**<br>**,, ഹൈബി ഈഡൻ**<br>**,, കെ.മുരളീധരൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കാസർകോട് മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത നാല് വരിപ്പാതയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത പുതിയ എൻ.എച്ച് 66 (എൻ.എച്ച് 47 ഉം എൻ.എച്ച് 17 ഉം കൂടിച്ചേർന്നത്) കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. എന്നാൽ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം എൻ.എച്ച്.എ.ഐയ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ സ.ഉ (കൈ) നം. 94/2014/പൊ.മ.വ തീയതി 25.10.2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (ബി) ഇതിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏത് ഘട്ടത്തിലാണ്; | (ബി) തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ വിവിധ റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നുണ്ട്. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ നിലവിൽ 30.50 മീറ്റർ Right of Way ലഭ്യമാണ്. ശേഷിക്കുന്ന സ്ഥലമെടുപ്പ് പുതുക്കിയ വിശദമായ പദ്ധതി രേഖ പൂർത്തീകരിച്ചാൽ മാത്രമേ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) റോഡിനുള്ള അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; | (സി) ഇല്ല. അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. |
| (ഡി) എവിടെയൊക്കെയാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്? | (ഡി) നിലവിൽ കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**